സ്റ്റോറ് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിലേയ്ക്ക് ബസ്സുകൾ മേടിച്ചതിൽ വരുത്തിയിട്ടുള്ള ക്രമക്കേടുകൾ

* 669. [5] ശ്രീ. പി. വിശ്വംഭരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റോറ് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിലേയ്ക്ക് ബസ്സുകൾ മേടിച്ചതിൽ വരുത്തിയിട്ടുള്ള ക്രമക്കേടുകളെ സംബന്ധിച്ച് അന്വേഷണം പൂർത്തിയായോ; പൂർത്തിയായെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തു ;

(ബി) അന്വേഷണം പൂർത്തിയായില്ലെങ്കിൽ ഇപ്പോൾ അതു് എതു് നിലയിലിരിക്കുന്നു ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : (എ & ബി) സ്റ്റോറ് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിലേയ്ക്ക് ബസ്സുകൾ മേടിച്ചതിൽ ക്രമക്കേടുകൾ വരുത്തിയതിന്മേൽ എടുത്തിട്ടുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. ആദ്യമായി ഈ കാര്യത്തെ സംബന്ധിച്ച് ഒരു സി. ഐ. ഡി. ഉദ്യോഗസ്ഥൻ ഡയറക്ടറായിരുന്ന ആളിൻറെ എക്സ്പ്ലനേഷൻ വാങ്ങിക്കാതെതന്നെ എക്സ്പാർട്ടിയായി കാണ്ഡിഡൻഷ്യൽ എൻക്വയറി നടത്തി. അതിൻറെ ഫലമായി രണ്ടുലക്ഷത്തിഇരുപതിനായിരത്തോളം രൂപ ഈ ബസ്സുകച്ചവടത്തിൽ നിന്നു നഷ്ടമുണ്ടെന്നു് ആ ഉദ്യോഗസ്ഥൻറെ എക്സ്പാർട്ടിയായിട്ടുള്ള റിപ്പോർട്ടിൽ പറഞ്ഞു. ആ റിപ്പോർട്ട് എൻക്വയറി നടത്തുന്നതിനുവേണ്ടി നിയമിച്ചിട്ടുള്ള ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥൻറെ അന്വേഷണത്തിനുവച്ചു. അദ്ദേഹം താഴെ പറയുന്ന നാലു വാദഗതികളെയും ചെയ്തിരിക്കുകയാണു്.

"1. Whether loss has been incurred to Government by the purchase of vehicles during 1952-54;

2. If so, whether the same has been caused due either to breach of orders or to negligence on the part of Sri Sreenivasa Iyer;

3. Whether irregularities have been committed by Sri Sreenivasa Iyer in the transactions;

4. Whether Sri Sreenivasa Iyer has shown special favours to Mahindra and Mahindra and Ashok Motors with any idea of securing any unlawful gain to himself."

ഈ നാലു പോയിൻറുകളിലും ആ ഉദ്യോഗസ്ഥൻറെ സമാധാനം വാങ്ങുകയും റിക്കാർഡുകൾ പരിശോധിക്കുകയും ചെയ്തശേഷം റിപ്പോർട്ട് ചെയ്തു. അതു ഗവണ്മെൻറ് അംഗീകരിച്ചിട്ടുണ്ട്. ഇതിൽ ആദ്യത്തെ പോയിൻറിനെപ്പറ്റി പറയുന്നതു ഇതാണു്.

Point No. 1 *viz.* "Whether loss has been incurred to Government by the purchase of vehicles during 1952-54". The finding is:

LIBRARY ARCHIVES Kerala Legislative Assembly

"In conclusion I find that the allegation that loss to the tune of a few lakhs of rupees has been caused by the purchase of buses during 1952-54 has not only not been established but that it is only a figment of the Enquiring Officer's imagination." ഇതാണ്.

"(2) In view of my finding on point (1) namely, that no loss has been proved as having been incurred by the Government, the question on point (2), *ie*, whether loss has been caused due either to breach of orders or negligence on the part of Sri Sreenivasa Iyer does not arise." ഇതാണ് ചോദ്യമെന്തിനെപ്പറ്റിയുള്ളതു്.

Point Whether irregularities have been committed by Sri Sreenivasa Iyer in the transactions.

ഇതിനെപ്പറ്റിയുള്ള ഫൈൻഡിംഗ് ഇർറഗുലാരിറ്റീസ് കമ്മിറ്റ ചെയ്തിട്ടില്ല, ചില നിസ്സാരകാര്യങ്ങളിൽ ഒഴികെ എന്നാണ്.

On point (4) whether preference has been shown, the finding is: "This Sri Usman's meticulously documented tirade against Sreenivasa Iyer is wholly perverse and I consider that no further action is called for on it". ഇതാണ് നാലാമത്തെ പോയിൻറിനെപ്പറ്റിയുള്ള റിപ്പോർട്ട്.

ശ്രീ. പി. വിശ്വംഭരൻ: നിസ്സാരകാര്യങ്ങളിലൊഴികെ എന്നു പറഞ്ഞു. ഈ നിസ്സാരകാര്യങ്ങൾ എന്തെല്ലാമാണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗവണ്മെൻറ്റ്ർഡർ വരുന്നതിനുമുമ്പ് ആക്ഷൻ എടുത്തതാണ്. ആക്ഷൻ എടുത്തു കഴിഞ്ഞതിനുശേഷമാണ് ഗവണ്മെൻറ്റ്ർഡർ വന്നിട്ടുള്ളതു്.

ശ്രീ. പി. വിശ്വംഭരൻ: അതു കുറ്റമല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതുകൊണ്ടു ദോഷം ഒന്നും വന്നിട്ടില്ല.

ശ്രീ. പി. വിശ്വംഭരൻ: സി. ഐ. ഡി. ഉദ്യോഗസ്ഥൻ നടത്തിയ റിപ്പോർട്ടു്, ഈ കാര്യങ്ങളും ഒന്നും പരിശോധിക്കാതെയാണോ അദ്ദേഹമാക്കിയതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് ഒരു എക്സ്പാർട്ടി റിപ്പോർട്ടു് ആയിരുന്നുവെന്നു ഞാൻ നേരത്തെ പറഞ്ഞുകഴിഞ്ഞു.

ശ്രീ. ടി. കെ. ദിവാകരൻ: ഇതൊരു ജുഡിഷ്യൽ എൻക്വയറി ആയിരുന്നോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതെ. സമാധാനം പറഞ്ഞിട്ടു് അതിൻറെ ഫയിൻഡിംഗ്സ് റിപ്പോർട്ടു ചെയ്യുവാൻ എൻക്വയറി കമ്മിഷണറെ അധികാരപ്പെടുത്തിയിട്ടുണ്ടായിരുന്നു.

ശ്രീ. ടി. കെ. ദിവാകരൻ: ഇതൊരു ജുഡിഷ്യൽ എൻക്വയറി ആണോ എന്നാണ് ഞാൻ ചോദിച്ചതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതേ. പക്ഷേ പബ്ലിക്ക് റ്റേൻകയറി വേണമെങ്കിൽ ഒരു പ്രിലിമിനറി ഫൈൻഡിംഗ് വേണം.

ശ്രീ. എൻ. രാഘവക്കുറുപ്പ് : മിസ്റ്റർ ശ്രീനിവാസയ്യരാണ് കഴപ്പം കാണിച്ചതെന്ന് റിപ്പോർട്ടിലുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അദ്ദേഹത്തിന്റെ കാലത്താണ് ഈ സംഭവം നടന്നതു്.

ശ്രീ. എൻ. രാഘവക്കുറുപ്പ് : ഡയറക്ടർ ആഫ് ട്രാൻസ്പോർട്ട് കഴപ്പം കാണിച്ചു എന്നുള്ള കായ്ത്തെപ്പറ്റി മാത്രം അന്വേഷണം നടത്തിയതേയുള്ളൂ, അതേ, അന്ന് അധികാരത്തിലിരുന്ന മന്ത്രിമാർ ഈ കായ്ത്തിൽ കഴപ്പം കാണിച്ചിട്ടുള്ളതായി ആ റിപ്പോർട്ടിൽ എന്തെങ്കിലും ഉണ്ടായിരുന്നോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അധികാരത്തിലിരുന്ന മന്ത്രിമാർ കഴപ്പം കാണിച്ചിട്ടുള്ളതായി റിപ്പോർട്ടിൽ ഒന്നും ഉണ്ടായിരുന്നില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ് : ഇതുസംബന്ധിച്ച് ആദ്യമായി അന്വേഷണം നടത്തിയ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിൽ പെർവേഴ്സായിട്ടുള്ള കായ്ത്തരം അടങ്ങിയിട്ടുണ്ടെന്നു് ഇപ്പോൾ വായിച്ചതു കേട്ടു. അങ്ങനെ ഒരു ഉദ്യോഗസ്ഥനെപ്പറ്റി റിപ്പോർട്ട ചെയ്തതിനു് ആ ഉദ്യോഗസ്ഥന്റെ പേരിൽ നടപടി നടത്തുമോ ? അതെപ്പറ്റി ഗവണ്മെൻറ് ഒരു എൻകയറി നടത്താൻ തയാറാകുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആദ്യമേ എൻകയറി നടത്തിയ ഉദ്യോഗസ്ഥൻ പെൻഷൻ പറ്റിക്കഴിഞ്ഞു. അതുകൊണ്ടു് ഇനിയും അതേപ്പറ്റി അന്വേഷണം നടത്തണമെന്നു് ഗവണ്മെൻറ് വിചാരിക്കുന്നില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ് : ഇവിടെ ഒരു ഉദ്യോഗസ്ഥൻ മറ്റൊരു ഉദ്യോഗസ്ഥന്റെ പേരിൽ ഇങ്ങനെ ഫിംഗ്മെൻറ് ആഫ് ഇമ്പ്രോപ്രിയേഷൻ ആയി അന്വേഷണം നടത്തി ആ ഉദ്യോഗസ്ഥൻ കുറ്റക്കാരനാണെന്നു സ്ഥാപിക്കുകയും വീണ്ടും മറ്റൊരു ഉദ്യോഗസ്ഥന്റെ അന്വേഷണത്തിൽ അതു് അടിസ്ഥാനരഹിതവുമാണെന്നു കാണുന്നപക്ഷം മറ്റു ഉദ്യോഗസ്ഥന്മാക്കു് അവരുടെ സർവ്വീസിനു എന്തു സെക്യൂരിറ്റിയാണുള്ളതു് ? അതുകൊണ്ടു് ഗവണ്മെൻറ് ആ വിധത്തിൽ ഒരു റിപ്പോർട്ട് തയാറാക്കിയ ഉദ്യോഗസ്ഥന്റെ പേരിൽ അതേപ്പറ്റി ഒരന്വേഷണം നടത്താൻ തയാറാകുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു് ഞാൻ പറഞ്ഞു കഴിഞ്ഞു. അങ്ങിനെ നടപടി നടത്തുന്നമെന്നു് ഗവണ്മെൻറ് വിചാരിക്കുന്നില്ല.

ശ്രീ. പ്രാക്കുളം മാസി : ഒരു ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് തെറ്റാണെന്നു് വേറൊരുദ്യോഗസ്ഥന്റെ റിപ്പോർട്ട് ഗവണ്മെൻറിനു ലഭിച്ചിരിക്കുന്ന സ്ഥിതിക്കു് മൂന്നാമതൊരാളെക്കൊണ്ടു് അതേപ്പറ്റി അന്വേഷിപ്പിക്കാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉദ്ദേശിക്കുന്നില്ല.

ശ്രീ. പ്രാക്കുളം ഭാസി : രണ്ടാമത്തേത് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചയാൾ ശ്രീ. കേരളവർമ്മ ആയതുകൊണ്ടാണോ ഗവണ്മെന്റ് അതിനെ മൂന്നാമതൊരാളെ നിയമിക്കുന്നതിനു് ഉദ്ദേശിക്കുന്നില്ല എന്നു പറഞ്ഞതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതുകൊണ്ടല്ല. രണ്ടാമത്തേത് എൻക്വയറി നടത്തിയ ഉദ്യോഗസ്ഥൻ ഇതു സംബന്ധിച്ചുള്ള രേഖകളെല്ലാം പരിശോധിച്ചു്, ഡയറക്ടരുടെ എക്സ്പ്ലനേഷൻ വാങ്ങി കഴിക്കാരണസഹിതം ഉള്ള ഒരു റിപ്പോർട്ട് ഗവണ്മെന്റിനു സമർപ്പിച്ചതുകൊണ്ടാണു് ഇനിയും എൻക്വയറി നടത്തേണ്ട ആവശ്യമില്ല എന്നു പറഞ്ഞതു്.

ശ്രീ. പ്രാക്കുളം ഭാസി : ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർതന്നെ കഴിഞ്ഞ സെഷനിൽ പറയുകയുണ്ടായി, ട്രാൻസ്പോർട്ടഡിപ്പാർട്ടുമെന്റിലേയ്ക്കു് ബസ്സുകൾ വാങ്ങിയ വകയിൽ രണ്ടര ലക്ഷം രൂപയുടെ നഷ്ടം ഗവണ്മെന്റിനുണ്ടായി എന്നും അതേപ്പറ്റി അന്വേഷണം നടത്തി കുറ്റക്കാരായിട്ടുള്ളവരെ ശിക്ഷിക്കുന്നതാണു് എന്നും. എന്നാൽ ഇപ്പോൾ അങ്ങിനെ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ കുറ്റക്കാരനല്ലാ എന്നു തീരുമാനിച്ചുകൊണ്ടു പറയുന്നു. അതെന്താണെന്നു് അറിഞ്ഞാൽ കൊള്ളാം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഞാൻ പറഞ്ഞതിനെ ബഹുമാനപ്പെട്ട മെംബർ തെറ്റിദ്ധരിച്ചതാണു്. അതു് എനിക്കു വളരെ സങ്കടമാണു്. അന്നു ഞാൻ പറഞ്ഞതു് അതേസംബന്ധിച്ചു ഒരു എക്സ് പാർട്ടി എൻക്വയറിയാണു് നടത്തിയതെന്നും അതനുസരിച്ചു് രണ്ടു ലക്ഷത്തി ഇരുപതിനായിരം രൂപയുടെ നഷ്ടം വന്നിട്ടുണ്ടെന്നു വിചാരിക്കേണ്ടിയിരിക്കുന്നു എന്നുമാണു് ആ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതെന്നാണു്. അതുകൊണ്ടാണു് വീണ്ടുമൊരു എൻക്വയറി നടത്തിയതു്.

ശ്രീ. പ്രാക്കുളം ഭാസി : ആദ്യമേ അന്വേഷണം നടത്തിയ ഉദ്യോഗസ്ഥൻ ഏതു രേഖകളെ അടിസ്ഥാനമാക്കിയാണു് ഇരുപതു രൂപ നഷ്ടം വന്നിട്ടുണ്ടെന്നു ഗവണ്മെന്റിനെ അറിയിച്ചതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഏതു രേഖകളെ അടിസ്ഥാനമാക്കിയാണെന്നു് അറിവില്ല.

ശ്രീ. ടി. കെ. ദിവാകരൻ : ഈ രണ്ടു റിപ്പോർട്ടുകളും വീണ്ടുമൊരന്വേഷണത്തിനു് വിധേയമാക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇല്ല.

ശ്രീ. ടി. കെ. ദിവാകരൻ : പൊതുജനാഭിപ്രായത്തിൽനിന്നും ഇരുപതിനായിരം രൂപ നഷ്ടം വന്നിരിക്കുന്നുവെന്നു് ഒരു റിപ്പോർട്ടും അതിനു വിപരീതമായി മറ്റൊരു റിപ്പോർട്ടും വന്നിട്ടുള്ള സ്ഥിതിക്കു് ഈ രണ്ടു റിപ്പോർട്ടുകളും ഒരു അന്വേഷണത്തിനു് വിധേയമാക്കേണ്ടതല്ലേ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെയല്ല ഇതുവരെ കൈക്കൊണ്ടിട്ടുള്ള നടപടി. ഗവണ്മെന്റ് ചെയ്യുക പതിവ്. സർക്കാർ ഉദ്യോഗസ്ഥന്മാരുടെ പേരിൽ കുറ്റങ്ങൾ ഉണ്ടെങ്കിൽ അവരെ ശിക്ഷയ്ക്കു വിധേയരാക്കുന്നതുപോലെതന്നെ അവരെ അനാവശ്യമായുണ്ടാകുന്ന വിഷമങ്ങൾക്കും വിധേയമാക്കാതിരിക്കുന്നതിനുള്ള ചുമതലയും ഗവണ്മെന്റിനുണ്ട്. ഒരു ഉദ്യോഗസ്ഥൻ ഇതേപ്പറ്റി അന്വേഷിച്ചു. ആദ്യം നടത്തിയതു എക്സ് പാർട്ടി എൻക്വയറി ആയിത്തീർന്നു. അതിൽ പറയുന്ന ഇഷ്യൂസിനെ സംബന്ധിച്ചു് ആ ഉദ്യോഗസ്ഥന്റെ എക്സ്പ്ലനേഷൻ ആവശ്യപ്പെടുകയും, എക്സ്പ്ലനേഷൻ വാങ്ങി സത്യസന്ധമായി അന്വേഷണം നടത്തി റിപ്പോർട്ട് വന്നതിനുശേഷം അതേപ്പറ്റി ഒരു അവസാന തീരുമാനമെടുക്കാതെ വീണ്ടും അന്വേഷണത്തിനു വിധേയമാക്കുക എന്നു പറയുന്നതു് ഈ രാജ്യത്തുള്ള സർക്കാർ ഉദ്യോഗസ്ഥന്മാർക്കു് അവരുടെ സർവ്വീസിനു രക്ഷയില്ലാതാക്കുന്നതിനുവേണ്ടി ഗവണ്മെന്റ് കരുതുന്നതായി തോന്നാനിടയുണ്ട്. എന്നതന്നെയല്ല, ഈ റിപ്പോർട്ടിന്റെ പല ഭാഗത്തും ഈ ഉദ്യോഗസ്ഥൻ സമർത്ഥമായും വളരെ സത്യയുക്തമായും പെരുമാറിയതിനു് അദ്ദേഹത്തെ അനുമോദിക്കുന്നതിനു പകരം ഇപ്രകാരം ചോദ്യംചെയ്യുന്നതു് ശരിയല്ലെന്നു വളരെ ശക്തിയായി പറഞ്ഞിട്ടുണ്ടു്.

ശ്രീ. ടി. കെ. ദിവാകരൻ : ഇപ്രകാരം രണ്ടുദ്യോഗസ്ഥന്മാരുടെ വ്യത്യസ്തമായ റിപ്പോർട്ടുകൾ ഗവണ്മെന്റിനു് ലഭിച്ചിരിക്കുന്ന സ്ഥിതിക്കു് ഇതു് ഒരു അനുദ്യോഗസ്ഥകമ്മറ്റിയുടെ അന്വേഷണത്തിനു് വിധേയമാക്കുന്നതു് കൂടുതൽ ശരിയായിരിക്കുകയില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതൊരഭിപ്രായമാണു്.

ശ്രീ. എ. താണുപിള്ള : ആദ്യമേ അന്വേഷണം നടത്തിയ ഉദ്യോഗസ്ഥൻ രണ്ടരലക്ഷം രൂപ ഗവണ്മെന്റിനു നഷ്ടമുണ്ടെന്നു റിപ്പോർട്ടു ചെയ്തു; രണ്ടാമതു അന്വേഷണം നടത്തിയ ഉദ്യോഗസ്ഥൻ അങ്ങനെ നഷ്ടം ഗവണ്മെന്റിനുണ്ടായിട്ടില്ല എന്നു റിപ്പോർട്ടു ചെയ്തു. ആദ്യത്തെ റിപ്പോർട്ടും രണ്ടാമത്തെ റിപ്പോർട്ടും തമ്മിൽ ഈ വ്യത്യാസം വരാൻ കാരണം എന്തെന്നും ആദ്യത്തെ റിപ്പോർട്ടിനു അടിസ്ഥാനമായ വസ്തുത എന്തെന്നും പറയുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : വേണമെന്നുണ്ടെങ്കിൽ ഈ രണ്ടു റിപ്പോർട്ടുകളും ഇവിടെ വായിക്കാം. ആദ്യത്തെ റിപ്പോർട്ടു് ഒരു എക്സ്പാർട്ടി എൻക്വയറി റിപ്പോർട്ടാണു്. അതടിസ്ഥാനരഹിതമാണു്.

ശ്രീ. ടി. കെ. ദിവാകരൻ : ഈ രണ്ടു റിപ്പോർട്ടുകളും മേശപ്പുറത്തു വയ്ക്കാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : വിരോധമില്ല

ശ്രീ. എൻ. രാഘവക്കുറുപ്പു് : ആദ്യത്തെ അലിഗേഷൻ തെറ്റാണെന്നു് രണ്ടാമത്തെ റിപ്പോർട്ടിൽ പറയുന്നു. ആദ്യത്തെ റിപ്പോർട്ടിൽ രണ്ടരലക്ഷം രൂപ ഗവണ്മെന്റിനു നഷ്ടം ഉണ്ടെന്നു പറയുകയും രണ്ടാമത്തെ റിപ്പോർട്ടിൽ അതു തെറ്റാണെന്നും പറഞ്ഞിരിക്കുന്നു. ഈ വ്യത്യാസത്തിന്റെ കാരണമെന്താണെന്നു് ഗവണ്മെന്റു് അന്വേഷിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആദ്യത്തെ അന്വേഷണം എക്സ്പാർട്ടിയായി നടത്തിയ ഒരു എൻക്വയറി ആണ്.

മി. സ്പീക്കർ : ഈ സംഗതി വളരെ പ്രാധാന്യമർഹിക്കുന്നതായതുകൊണ്ട് ഇത് നിയമസഭയുടെ മുമ്പിൽ വയ്ക്കുന്നതിനു ഗവണ്മെൻറിനു വിരോധമില്ലെങ്കിൽ അപ്രകാരം ചെയ്യാവുന്നതാണ്.

ശ്രീ. ടി. കെ. ദിവാകരൻ : ഈ രണ്ടു റിപ്പോർട്ടും എന്നത്തേക്കു മേശപ്പുറത്തു വയ്ക്കും ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു എന്നു വേണമെങ്കിലും മേശപ്പുറത്തു വയ്ക്കുന്നതിനെപ്പറ്റി ആലോചിക്കാം.

ശ്രീ. ടി. കെ. ദിവാകരൻ : മേശപ്പുറത്തു വയ്ക്കുന്ന കാര്യം ആലോചിക്കാം എന്നു പറയുന്നതു എന്തുകൊണ്ടാണ് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : റിപ്പോർട്ടുകൾ കാൺഫിഡൻഷ്യലായിട്ടുള്ളവയാണോ എന്നുള്ളതിനെപ്പറ്റിയും മറ്റും ആലോചിക്കേണ്ടതുണ്ട്.

ശ്രീ. പി. കെ. കുഞ്ഞു : ഈ സി. ഐ. ഡി. ഉദ്യോഗസ്ഥന്മാർ കേവലം ഊഹാപോഹങ്ങളെ അടിസ്ഥാനമാക്കി റിപ്പോർട്ടുകൾ ഗവണ്മെൻറിലേയ്ക്കയച്ചാൽ അതിനു താഴെയുള്ള ഉദ്യോഗസ്ഥന്മാരുടെ റിപ്പോർട്ടുകളും പല കാര്യങ്ങളെ സംബന്ധിച്ചും ഊഹാപോഹങ്ങൾ മാത്രം വച്ചുകൊണ്ടുവയായിരിക്കുമെന്ന വരികയില്ലേ ?

MR. SPEAKER : The question does not arise.

ശ്രീ. എ. താണുപിള്ള : ഈ രണ്ടു റിപ്പോർട്ടും മേശപ്പുറത്തു വയ്ക്കുന്ന കാര്യം ആലോചിക്കാമെന്നു പറഞ്ഞതു എന്താണെന്നറിഞ്ഞാൽ കൊള്ളാം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആലോചിക്കാം എന്നു പറഞ്ഞതു എതെല്ലാം രേഖകൾ വെയ്ക്കണമെന്നുള്ളതിനെപ്പറ്റിയെല്ലാമാണ്.

ശ്രീ. എ. താണുപിള്ള : ഈ സഭയുടെ സംശയം നീക്കാൻവേണ്ടി ആദ്യത്തെ റിപ്പോർട്ടിനു അടിസ്ഥാനമായ സപ്പോർട്ടിംഗ് രേഖകളും അതിനടിസ്ഥാനമായ വസ്തുതകളും എന്താണെന്നും, രണ്ടാമത്തെ റിപ്പോർട്ടിനു അടിസ്ഥാനമായ രേഖകൾ എന്താണെന്നും ഉള്ളതു വായിക്കുകയോ മേശപ്പുറത്തു വയ്ക്കുകയൊ ആണു നല്ലതു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതാലോചിക്കാം.

ശ്രീ. എ. താണുപിള്ള : അതു മേശപ്പുറത്തു വയ്ക്കുവാനുള്ള വസ്തുതകളാണെങ്കിൽ വയ്ക്കുന്നതോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : വേണമെന്നുണ്ടെങ്കിൽ വയ്ക്കാം. ആദ്യത്തെ റിപ്പോർട്ടിൻറെ കാര്യങ്ങൾ മുഴുവൻ അതിലുണ്ട്. രണ്ടാമത്തേതിനു അടിസ്ഥാനമായ വസ്തുതകൾ മേശപ്പുറത്തു വയ്ക്കാം.

ശ്രീ. പ്രാക്കുളം ഭാസി : മി. ഉസ്മാൻ അന്വേഷണം നടത്തിയും റിപ്പോർട്ടു ചെയ്തിട്ടുള്ള ഈ രേഖകളെ എല്ലാം പരിശോധിച്ചും അതിലേയ്ക്കു

LIBRARY ARCHIVES Kerala Legislative Assembly

[പ്രാക്കുളം ഭാസി]

വേണ്ടി ഡൽഹി മുതലായ സ്ഥലങ്ങളിൽപോയി അന്വേഷണം നടത്തിട്ടും തയ്യാറാക്കിയതല്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതെ. അങ്ങനെയാണ്.

ശ്രീ. എൻ. രാഘവക്കുറുപ്പ് : അന്വേഷണം നടത്തിയ ഉദ്യോഗസ്ഥൻ മി. ശ്രീനിവാസയ്യരുടെ കാണ്ടക്ഠറിനെപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അന്വേഷണം നടത്തിയിരിക്കും.

ശ്രീ. എൻ. രാഘവക്കുറുപ്പ് : ശ്രീനിവാസയ്യർ കൂടാതെ ഈ ബസ്സ് വാങ്ങൽ ഇടപാടിൽ മറ്റ അധികാരത്തിലിരുന്ന വല്ലവരും ഇതിൽ കുഴപ്പങ്ങൾ കാണിച്ചിട്ടുണ്ടോ, എന്ന് അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ബസ്സ് വാങ്ങിയ കാര്യത്തെ സംബന്ധിച്ച് അന്വേഷിച്ചു. അതിൽ മറ്റാരും കുഴപ്പങ്ങൾ കാണിച്ചിട്ടില്ലായെന്ന് ഫൈൻഡിംഗ്സ് ഉണ്ടായിട്ടുണ്ട്.

ശ്രീ. എം. വി. ചെറിയാൻ : ഇതെപ്പറ്റി പതിനഞ്ചു മിനിട്ട നേരമായി ചീഫ് മിനിസ്റ്റർ മറുപടി പറയുകയും റെക്കർഡുകൾ മേശപ്പുറത്തു വയ്ക്കാം എന്ന സമ്മതിക്കയും ചെയ്തതിൽപിന്നെ ഈ ക്വാസ് എക്സാമിനേഷൻ ചെയ്ത സമയം കളയുന്നതിന്റെ ആവശ്യമെന്താണ്?

മി. സ്പീക്കർ : വളരെ പ്രധാനപ്പെട്ട ഒരു കാര്യമായതുകൊണ്ട് അതു സംബന്ധിച്ചു 15 മിനിട്ടുകൊണ്ട് ആവശ്യമായ വസ്തുതകൾ അറിയാൻ കഴിഞ്ഞിട്ടില്ലെന്നവരാം. വിശദവിവരങ്ങൾ ഈ സഭയെ അറിയിക്കുന്നതിനു എനിക്കു വിരോധമില്ല.

SHRI N. RAGHAVA KURUP : On a point of order. The Minister has not given the correct answer to my question. The Minister either did not understand the question or having understood it, has misinterpreted it. Therefore, I want a correct answer to my question.

അതായത് ഇവിടെ നാല് ഇഷ്യൂസ് പറഞ്ഞു. അതെല്ലാം മി. ശ്രീനിവാസയ്യരെ പറ്റിയുള്ളതാണ്. അതേപ്പറ്റിയെല്ലാം അറിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന ഭാഗങ്ങൾ ഇവിടെ പറയാതെ വൺ സൈഡ് ആയി ഇവിടെ മറുപടി പറയുകയാണുണ്ടായത്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പറഞ്ഞിട്ടുള്ള ഇഷ്യൂസിനെ സംബന്ധിച്ച് കൺഫിഡൻഷ്യലായിട്ടുള്ള രേഖകളെ അടിസ്ഥാനപ്പെടുത്തി അന്വേഷിച്ചു റിപ്പോർട്ട ചെയ്തിട്ടുള്ളതാണ്.

ശ്രീ. ടി. കെ. ദിവാകരൻ : ആ ഉദ്യോഗസ്ഥൻ കാണിച്ചിട്ടുള്ള ഇറെഗുലാരിറ്റീസ് ഏതു തരത്തിലുള്ളതാണെന്ന അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ട്. ബസ്സുകൾ വാങ്ങുന്നതിനെ സംബന്ധിച്ചുള്ള ഇറെഗുലാരിറ്റീസാണെങ്കിൽ ഒരു ടെൻഡേർട്ട് ബോർഡാണ് ഇതെല്ലാം വാങ്ങുന്നതു. എന്തായാലും അതെല്ലാം മേശപ്പുറത്തു വയ്ക്കുന്നതുകൊണ്ട് അതു നോക്കിയാൽ എല്ലാം മനസ്സിലാകും.

LIBRARY ARCHIVES Kerala Legislative Assembly